സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 22-26

പാലൈ
PALAI பாலை
ISSN No: 3049-0316

# വ്യക്തിസത്തയുടെ ആത്മസഞ്ചാരം



**ഡോ. ബിന്ദുമോൾ ബി***

**സംഗ്രഹം**

ഒരു ദളിത് ആത്മകഥയായ എച്ചിലിനെ മുൻനിർത്തി ദളിത് ജീവിതത്തെക്കുറിച്ചും മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചും നടത്തുന്ന ഒരന്വേഷണമാണ് വ്യക്തിസത്തയുടെ ആത്മസഞ്ചാരം. ജീവിതത്തോടൊപ്പം സ്വാതന്ത്ര്യബോധവും വ്യക്തിയെ നിരന്തരപോരാട്ടത്തിനു പ്രേരിപ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തെ അഭിമുഖീകരിക്കുന്ന മനുഷ്യൻ അതിനോട് പ്രതികരിക്കുന്ന വിധങ്ങൾ പലതാണ്. അത് ബഹുസ്വരമായ അവസ്ഥാവിശേഷങ്ങളിലേക്കു നയിക്കുന്നത് സാഹിത്യത്തിന്റെ അവസാനിക്കാത്ത പഠനവിഷയവുമാണ്. ആത്മകഥകളിൽ അതിന്റെ നേരനുഭവങ്ങൾ കാണാം. സാർത്ഥകമായി അതിനെ വഴിതെളിച്ചുവിട്ടവരുടെ കഠിനയാതനകളാണു പലതും. 'എച്ചിൽ' എന്ന ആത്മകഥയിൽ തെളിയുന്ന ജീവിതം/ജീവിതങ്ങൾ, കൃതിയുടെ പേരു സൂചിപ്പിക്കുന്നതു പോലെ ഗതികേടിന്റെയും അതേസമയം സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെയും ചരിത്രമാകുന്നത് എങ്ങനെ എന്നാണ് ഇവിടെ പരിശോധിക്കുന്നത്.

**താക്കോൽ വാക്കുകൾ:** ദളിത് സാഹിത്യം - ആത്മകഥ - സ്വാതന്ത്ര്യം - പ്രകൃതി - സത്ത

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അന്വേഷണം മനുഷ്യചരിത്രത്തിന്റെ തുടക്കം മുതൽ ഉള്ളതാണ്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ യാത്ര പ്രകൃതിയുടെ അപ്പുറത്തേക്ക് നീങ്ങുന്നില്ല എന്ന് കാണാം. സ്വാതന്ത്ര്യത്തിലൂടെ പ്രകൃതിയിൽ നിന്ന് വേർപെട്ട് അന്യവൽക്കരിക്കപ്പെട്ട് വളർത്തിക്കൊണ്ടുവരുന്ന തന്റെ വ്യക്തിപരമായ സത്ത മടക്കിക്കൊടുത്തു വീണ്ടും പ്രകൃതിയുമായി തീരുക എന്നത് മനുഷ്യ ജീവിതത്തിന്റെ അനിവാര്യതയാണ്. ഇത് ശാരീരികമായ മരണം സംഭവിക്കാതെ, ജീവിച്ചിരിക്കുമ്പോഴും സംഭവിക്കാറുണ്ട്. മനുഷ്യന് മാത്രം സാധിക്കുന്ന ഒരു പ്രക്രിയയാണ് അത്. മനുഷ്യൻ അപ്രകാരം രണ്ടു തരത്തിലുള്ള യാത്രകളിൽ പങ്കെടുക്കുന്നു എന്ന നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. രണ്ടുതരത്തിലുള്ള തിരിച്ചുവരവിലും അതുണ്ട്. പ്രകൃതിയുടെ സ്വന്തം പ്രയത്നത്തിലൂടെയും ബോധപൂർവ്വം ക്രിയാത്മകമായും യാത്രകൾ സംഭവിക്കും.

ശാരീരികമായ അന്യവൽക്കരണം (അലൈനേഷൻ) മനുഷ്യനടക്കം എല്ലാ ജന്തുക്കളിലും സംഭവിക്കുന്നുണ്ട്. പക്ഷേ അത് സ്വയം അറിയാത്ത ജീവശാസ്ത്രപരമായ ഒരു കൃത്യമായിട്ടാണ് കാണപ്പെടുന്നത്. ശാരീരികമായ പുനഃസംയോഗം (റീ യൂണിഫിക്കേഷൻ) മെറ്റാബോളിസത്തിന്റെ പ്രക്രിയ ആയിട്ടും, മനുഷ്യനിൽ പ്രകടമാകുന്നത് മാനസികമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ചും ആണ്. എന്നാൽ പുനഃസംയോഗം മാത്രമല്ല അതിന് പൂർവ്വമായി ഒരു സ്വതന്ത്രനാകലും അവനു സ്വയം

* അസി. പ്രൊഫസർ മലയാളം, സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

ചെയ്തു തീർക്കേണ്ട ക്രിയയാണ്. ഓരോ മനുഷ്യജീവിക്കും ഒറ്റയ്ക്കാറ്റയ്ക്ക് സ്വന്തം ഇച്ഛാശക്തിയാൽ ഈ പ്രക്രിയ പ്രകൃതിയിൽ നിന്നുള്ള അന്യവൽക്കരണവും പുനഃസംയോഗവും, സമൂഹത്തിൽ നിന്നുള്ള അന്യവൽക്കരണവും പുനഃസംയോഗവും എന്നിങ്ങനെ രണ്ടു തലങ്ങളിൽ സംഭവിക്കുന്നുണ്ട്. രണ്ട് തട്ടുകളിൽ നിന്ന് സമാന്തരമായി ഉയരുകയും പതിക്കുകയും ചെയ്യുന്ന രണ്ട് പ്രോജക്റ്റുകൾ പോലെയാണ് അത്. പ്രകൃതിയിൽ നിന്ന് അടർന്ന് ആദ്യം അവൻ ജീവിയാകുന്നു. പിന്നീട് സമൂഹത്തിൽ നിന്ന് അടർന്ന് വ്യക്തിയും. അങ്ങനെ ജീവിയും വ്യക്തിയും ആയിത്തീരുന്ന മനുഷ്യൻ തിരികെ സമൂഹത്തെ കണ്ടെത്തുന്നു. അതിനുശേഷം പ്രകൃതിയെയും. ഇതെല്ലാം അടങ്ങുന്നതാണ് മനുഷ്യന്റെ ക്രിയാമണ്ഡലം. മനുഷ്യൻ അനുഭവിക്കുകയും ഏർപ്പെടുകയും ചെയ്യുന്ന ക്രിയകളെ നമുക്ക് ഇത്തരത്തിൽ വേർതിരിക്കാം.

അതായത്, മനുഷ്യന്റെ ക്രിയകളെ (Human actions) ശാരീരികമായ ക്രിയകൾ (Physical actions) ബോധപൂർവകമായ ക്രിയകൾ (Conscious actions) എന്ന് വേർതിരിക്കാം. അതിൽ ശാരീരികമായ ക്രിയകളെ അന്യവൽക്കരണം (Alienation), പുനഃസംയോഗം (Re -unification) എന്ന് രണ്ട് വിഭാഗമായിട്ടും ബോധപൂർവ്വകമായ ക്രിയകളെ (Conscious actions) പ്രകൃതിസംബന്ധം , സമൂഹസംബന്ധം എന്ന് രണ്ടു ഭാഗങ്ങൾ ആയിട്ടും ആ രണ്ടു വിഭാഗങ്ങളിൽ പ്രകൃതി സംബന്ധമായതിനും സമൂഹസംബന്ധമായതിനും അന്യവൽക്കരണം, പുനഃസംയോഗം എന്നിങ്ങനെ വെവ്വേറേ വേർതിരിവുകൾ വരാം.

മനുഷ്യൻ അവനെ സ്ഥാപിക്കുന്നതിന് വേണ്ടിയിട്ടാണ് അവന്റെ ക്രിയകളെ ഉപയോഗിക്കുന്നത്. അതിൽ പ്രധാനം സർഗാത്മകമായ ക്രിയകളാണ്. സർഗാത്മകം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യനെ സ്വതന്ത്രനാക്കുന്ന ക്രിയകളെയാണ്. ശാരീരികമായ വേർപെടൽ പോലെ ബോധതലത്തിൽ അവൻ സാധിക്കുന്ന പ്രകൃതിയിൽ നിന്നും സമൂഹത്തിൽ നിന്നുമുള്ള വേർപെടലുകൾ. ഉദാഹരണമായി പിറവി തന്നെ സർഗാത്മകമായ ഒരു ക്രിയയാണ്. വളരുംതോറും അവൻ കുടുംബത്തിൽ നിന്നും വേർപെടാൻ ശ്രമിക്കുന്നു. മുഖമില്ലാത്ത ആൾക്കൂട്ടത്തിൽ നിന്ന് വേർപെട്ട് തന്റേതായ ചില ഇടങ്ങൾ സ്ഥാപിക്കാൻ മനുഷ്യൻ ശ്രമിക്കുന്നു. അവൻ, തന്നെ ചൂഷണം ചെയ്യുന്ന വ്യക്തികളോടും വ്യവസ്ഥിതികളോടും എല്ലാം പ്രതിഷേധിക്കുന്നുണ്ട്, യുദ്ധം ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ സ്വയം നിർവചിക്കുന്ന, പ്രതിഷേധിക്കുന്ന, സമ്മതിച്ചു കൊടുക്കാത്ത മനുഷ്യനാണ് സർഗ്ഗാത്മകമായ ക്രിയയുടെ മാതൃക. സർഗാത്മകമായ ക്രിയയിലൂടെയാണ് മനുഷ്യൻ സ്വയം സൃഷ്ടിക്കുന്നത്.

വ്യക്തിത്വത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും സംസാരിക്കുമ്പോൾ നാം ചിന്തിക്കേണ്ടത് കാലാകാലങ്ങളായി അനുഭവങ്ങളിലൂടെയും അധികാര സങ്കല്പനങ്ങളിലൂടെയും സാമൂഹിക വ്യവസ്ഥിതികളിലൂടെയും കടന്നുപോകുന്ന മനുഷ്യനെക്കുറിച്ചാണ്. പരാജയങ്ങൾക്കുള്ളിലൂടെ കോർത്തെടുത്തുപോരുന്ന ഒരു വിജയത്തിന്റെ ചരട് അവന്റെ കൈകളിലുണ്ട്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ ഈ കണ്ടെത്തലിൽ, അന്വേഷണത്തിൽ അവനെ തടയുന്നത് സ്വാഭാവികമായും ആന്തരികമായ പ്രതിബന്ധമാണ്. സ്വതന്ത്രനാകാൻ സമ്മതിക്കാത്ത തരത്തിലുള്ള സ്വാതന്ത്ര്യത്തോടുള്ള ഭയം എപ്പോഴും അവന്റെ കൂടെ ഉണ്ടാവും. സ്വതന്ത്രനായ ഒരാൾ സ്വയം തീരുമാനങ്ങൾ എടുക്കേണ്ടിവരും. അതിലും എളുപ്പമാണ് സമൂഹത്തിന്റെ ഭാഗമായി ഒരാൾ ജീവിച്ചു പോവുക എന്നത്. ഭൂരിഭാഗം മനുഷ്യരിലെയും ഒരു അംശം എപ്പോഴും ഈ വിധം വിധേയരാക്കാൻ വിധിക്കപ്പെട്ടവരാണ്. വിരിയാൻ ഭയക്കുന്ന പൂക്കളായി തേനീച്ചക്കൂട്ടിലെയോ ഉറുമ്പിൻ കൂട്ടിലെയോ തൊഴിലാളിപ്പട പോലെ അവർ ജീവിച്ചു പോകുന്നു എന്ന് ആനന്ദ് 'ജൈവ മനുഷ്യൻ' എന്ന കൃതിയിൽ വിലയിരുത്തുന്നുണ്ട്.

മനുഷ്യരാശിയുടെ ചരിത്രത്തിൽ ചൂഷകരായ ഒരു ന്യൂനപക്ഷവും ചൂഷിതരായ മഹാഭൂരിപക്ഷം ജനങ്ങളെയും കാണാൻ കഴിയും. അത് ആദിജനസംസ്കാരം മുതലുണ്ട്. അന്നു മുതൽ തന്നെ മനുഷ്യൻ ഉപയോഗിച്ചുവരുന്ന കലയായിട്ടാണ് നമ്മൾ ചൂഷണത്തെ കാണേണ്ടത്. സ്വന്തം ആവശ്യത്തിനു വേണ്ടി മറ്റുള്ളവരെ ഉപയോഗിക്കുക എന്നതാണ് അത്. അതുകൊണ്ട് സമൂഹം രണ്ടു വിഭാഗങ്ങളായിട്ട് തിരിഞ്ഞിരുന്നു. ചൂഷണത്തിന്റെ ഉന്നം പ്രധാനമായും സാമ്പത്തികമാണെങ്കിലും ജാതി, മതം, ഭാഷ, വേഷം, വർണ്ണം എന്നിങ്ങനെ പല തരത്തിൽ ചൂഷണത്തിന്റെ തലങ്ങൾ വിതാനിച്ച് കിടപ്പുണ്ട്. മനുഷ്യർക്ക് സ്വാതന്ത്ര്യത്തോടുള്ള ഭയമാണ് ഈ ചൂഷിതരായി നിലകൊള്ളുന്നതിന്റെ പിന്നിലെ മനഃശാസ്ത്രം എന്നും പറയാം. മാത്രമല്ല ഉത്തരവാദിത്തത്തോടുള്ള ഭയവും കൂടി അതിനകത്തുണ്ട്.

സ്വാതന്ത്ര്യത്തെ അഭിമുഖീകരിക്കുന്ന മനുഷ്യന്റെ മുമ്പിൽ മൂന്നു വഴികൾ ഉള്ളതായി കാണാൻ പറ്റും. അല്ലെങ്കിൽ ജന്മനാ കിട്ടുന്ന സ്വാതന്ത്ര്യത്തോട് മനുഷ്യൻ പ്രതികരിക്കുന്ന വിധം എന്നും പറയാം. അവയെ ഇങ്ങനെ പ്രതിപാദിക്കാം.

 ISSN No: 3049-0316 

1. പലായനത്തിന്റെയും മൃത്യുവാഞ്ചയുടെയും
2. സ്വാർത്ഥതയുടെയും ജീവിത ആവേശത്തിന്റെയും
3. സാർത്ഥകമായ പ്രയോഗത്തിന്റെ എന്നിവയാണ് അവ.

സാഹിത്യം അതിന്റെ ബഹുസ്വരമായ വഴികളിലൂടെ ഇവയെയെല്ലാം പ്രതിനിധാനം ചെയ്യുന്നുണ്ട്. അതിജീവനത്തിന്റെ വിമോചന ശാസ്ത്രമായിട്ട് നാം സാഹിത്യത്തെ വായിക്കുന്നുണ്ട്. അതിൽ വേർതിരിക്കപ്പെട്ടവന്റെയും അവഗണിക്കപ്പെട്ടവന്റെയും വേദനിക്കുന്ന പ്രതിരോധം കൂടിയാണ് സാഹിത്യം.

## ദളിത് സാഹിത്യം

ഹൈന്ദവ ബൗദ്ധിക പാരമ്പര്യത്തിനെതിരായ പ്രതിരോധ പ്രസ്ഥാനമായിട്ടാണ് ദളിത് രചനകൾ വിലയിരുത്തപ്പെട്ടിട്ടുള്ളത്. 1960കളുടെ അന്ത്യത്തിലും 70കളിലും മഹാരാഷ്ട്രയിൽ ജന്മമെടുത്ത് വികസിക്കുകയും പിന്നീട് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് പടരുകയും ചെയ്ത വിമോചന പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടാണ് ദലിത് സാഹിത്യം ഉടലെടുക്കുന്നത്. ദലിത് എന്ന പദം പ്രചാരത്തിൽ കൊണ്ടുവന്നത് 1970 കളുടെ ആദ്യത്തിൽ മഹാരാഷ്ട്രയിൽ രൂപം കൊണ്ട ദളിത് പാന്തർ പ്രസ്ഥാനമാണ്.മറാത്തി-ഇംഗ്ലീഷ് നിഘണ്ടുവിൽ ദലിത് എന്നതിന് നിലം, ചിതറിയത്, പിളർക്കപ്പെട്ടത് എന്നൊക്കെ അർത്ഥം കൊടുത്തിരിക്കുന്നു. 'അധിക്ഷേപിക്കപ്പെട്ട',' അടിച്ചമർത്തപ്പെട്ട ' എന്ന അർത്ഥത്തിലും മറാത്തിയിൽ ദളിത് എന്ന വാക്ക് പ്രയോഗത്തിൽ ഉണ്ടെന്ന് കാമാലിനി സെൻ ഗുപ്ത പറയുന്നു. ഗോതമ്പ് കുത്തി അതുകൊണ്ട് ഉണ്ടാക്കുന്ന പാൽക്കഞ്ഞിക്ക് മറാത്തിൽ ദലിയ എന്നാണ് പറയുക. ദലിയ, ദലിത് എന്നീ പദങ്ങളുടെ മൂല ധാതു ദൽ ആണ്. സംസ്കൃത ഇംഗ്ലീഷ് നിഘണ്ടുവിൽ ദളിത് നാമത്തിന്റെ ധാതുവിന് തകർക്കപ്പെട്ട, അറുത്തുതള്ളപ്പെട്ട, പിളർക്കപ്പെട്ട, ചവിട്ടി അരക്കപ്പെട്ട, പൊട്ടിച്ചെറിഞ്ഞ എന്നൊക്കെ അർത്ഥം പറയുന്നു.

എന്തായാലും തങ്ങളുടെതല്ലാത്ത കാരണങ്ങളാൽ മാറ്റിനിർത്തപ്പെട്ടവരാണ് ദളിതർ. 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇന്ത്യയിൽ ദളിതർക്കിടയിൽ പുതിയൊരു അവബോധം പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി കാണാൻ കഴിയും. രാജസ്ഥാനിലെ രാമദിയേ പാന്ത്, നവാൽ ധർമ്മം, മധ്യപ്രദേശിലെ സത്യനാമി പാന്ത്, വടക്കേ ഇന്ത്യയിലെ കബീർ പാന്ത്, മഹാരാഷ്ട്രയിലെ വർക്കാരി പാന്ത്, ആന്ധ്രയിലെ നസ്രയ്യ സെക്റ്റ് ബംഗാളിലെ മാതുവാ സെക്റ്റ് തുടങ്ങിയ ദളിത് പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപം കൊണ്ടിരുന്നു.

## അധികാരവും പാരമ്പര്യവും

മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ പാരമ്പര്യം എന്നത് ചതിനിറഞ്ഞ ഒരു വാക്കാണ്. ഒരു ന്യൂനപക്ഷത്തിന് മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുടെമേൽ അധികാരം സ്ഥാപിക്കാനുള്ള ഒരു താക്കോൽ മാത്രമാണത്. ചിന്തകളുടെയും സിദ്ധാന്തങ്ങളുടെയും ശക്തമായ അടിത്തറയിലാണ് പാരമ്പര്യം ജനിക്കയും വളരുകയും ചെയ്യുന്നത്. ഈ ചിന്തകളും സിദ്ധാന്തങ്ങളും തന്നെ പാരമ്പര്യത്തെ നിലനിർത്തുകയും സമ്പന്നമാക്കുകയും ചെയ്യുന്നുണ്ട്. പാരമ്പര്യത്തിൽ ലഭിക്കുന്ന അടിത്തറ അന്നത്തെ സാമൂഹിക സംവിധാനങ്ങളുടെയും സാഹചര്യങ്ങളുടെയും ആകെത്തുകയാണെന്ന് കാണാം. എപ്പോഴും തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾക്ക് തിളക്കംതട്ടാത്ത തരത്തിൽ പാരമ്പര്യത്തെ സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട് അവർ. ദുർബലസമൂഹത്തിന്റെ മേൽ അധികാരം സ്ഥാപിക്കുന്നത് ഈ ഒരു സംഗതി വെച്ചാണ്. പ്രാചീന ഇന്ത്യയുടെ പാരമ്പര്യത്തിലോ സംസ്കാരത്തിലോ ഒന്നും ദളിതന്റെ പാദമുദ്രകൾ നമുക്ക് കാണാൻ സാധിക്കുന്നില്ല. ദളിത് സാഹിത്യം അത്തരത്തിൽ തങ്ങളുടേതായ പുതിയ ഒരു അധ്യായം തുറക്കുന്നുണ്ട്. അവർ അവരുടെ പാരമ്പര്യത്തിൽ നിന്നുതന്നെ സാഹിത്യം വികസിപ്പിച്ചെടുക്കുന്നു. അതുകൊണ്ടാണ് സാഹിത്യത്തിൽ പലപ്പോഴും ഭാവനയെക്കാൾ യാഥാർഥ്യങ്ങളും യുക്തിചിന്തകളും ഒക്കെ കടന്നുവരുന്നത്. അത്തരം സാഹിത്യം ജീവിതഗന്ധിയല്ലാത്ത കഥകളും കാല്പനിക രചനകളും ഹൈന്ദവ പാരമ്പര്യ ആചാരങ്ങളും അശാസ്ത്രീയ വിശ്വാസങ്ങളും ഒക്കെ തിരസ്കരിച്ചുകൊണ്ടാണ് മുന്നേറുന്നത്. കലാപം, പ്രതിഷേധം, തിരസ്കരണം, പ്രതിരോധം, മതനിരപേക്ഷത, ശാസ്ത്രീയ മനോഭാവം, സർവ്വോപരി ജാതീയത, ചൂഷണം, അന്ധവിശ്വാസം, സാമൂഹിക അസമത്വം, എതിർപ്പ് എന്നിവയാണ് ദളിത് സാഹിത്യത്തിന് അടിസ്ഥാനമായ സിദ്ധാന്തങ്ങൾ. എല്ലാ പ്രതിലോമ ശക്തികൾക്കും എതിരെ കലാപമുയർത്താൻ സാഹിത്യം ആഹ്വാനം ചെയ്യുന്നുണ്ട്. കലാപം വാസ്തവത്തിൽ സാമൂഹിക അവബോധത്തിന്റെ കലാപമാണ്. അസ്വതന്ത്രന്റെ മുദ്രാവാക്യശബ്ദമാണ് അത്.

## ഹിന്ദിസാഹിത്യത്തിലെ പ്രതിരോധങ്ങൾ

ഹിന്ദിസാഹിത്യത്തിൽ മറാത്തിയിലേതുപോലുള്ള ഒരു വൻപ്രസ്ഥാനമായി സാഹിത്യം വളർന്നിരുന്നില്ല. എങ്കിലും കീഴാള സാഹിത്യത്തിനുതകുന്ന സാഹിത്യ സൃഷ്ടികൾ ഹിന്ദിയിൽ ഉണ്ടായിട്ടുണ്ട്. സാഹിത്യത്തിൽ കബീർ പ്രതിനിധാനം ചെയ്യുന്ന ഭക്ത കവികളിൽ ഒട്ടുമിക്കവരും കീഴാളജാതിയിൽ പെട്ടവരും ഭക്തി ഗീതങ്ങളോടൊപ്പം അസമത്വങ്ങൾക്കെതിരെ പ്രതികരിച്ചവരുമാണ്. കബീർ ദാസ്, രവിദാസ് എന്നീ ഭക്തകവികൾ ഹിന്ദിയിലെ ദളിത് സാഹിത്യത്തിന് വഴിതെളിച്ചവരാണ്. അതിലൂടെ ഹിന്ദി സാഹിത്യത്തിലെ ഒട്ടേറെപ്പേർ സഞ്ചരിച്ചിട്ടുണ്ട്. പ്രേംചന്ദ്, നിരാല, മുക്തിബോധ് തുടങ്ങിയ സാഹിത്യകാരന്മാർ ദളിതരുടെ വിഹ്വലതകളെ പലപ്പോഴും രേഖപ്പെടുത്തിയിട്ടുണ്ട്. നാഗാർജുനൻ, ത്രിലോചനൻ, രഘുവീർ സഹായ്, സർവ്വേശ്വർ ദയാൽ, സക്സേന തുടങ്ങിയ ആധുനിക കവികളും അരുൺ കമൽ, വേണുഗോപാൽ, രാജേഷ് ജോഷി, ആധാക് ധന്യ, ചന്ദ്രകാന്ത് ദേവ്താലേ, വിനോദ് കുമാർ ശുക്ല, വീരേൽ സംഗ്പാൽ തുടങ്ങിയ സമകാലീന കവികളും ദളിതരുടെ അനുഭവങ്ങളെ പ്രമേയമാക്കി രചനകൾ നടത്തുകയുണ്ടായി. ഈ കാലയളവിൽ ഫിക്ഷൻ പോയട്രി (കഥാകാവ്യം) എന്ന പുതിയ രചനാരീതിയിലേക്കുള്ള പ്രവണതയും കാണുന്നുണ്ട്. കഥാകാവ്യങ്ങൾ കീഴാള വർഗ്ഗത്തിന്റെ വേദനകളെയും എതിർപ്പുകളെയും പ്രധാന പ്രമേയമാക്കിയവയാണ്. പുരാണകഥകളിൽ നിന്നാണ് അത്തരം കഥാപാത്രങ്ങളെ അവർ തെരഞ്ഞെടുത്തത്. ഹിന്ദിയിലെ ദളിത കവിതയ്ക്ക് ഗതിവേഗം നൽകിയത് ഈ കഥാകാവ്യങ്ങളാണ്. മഹാരാഷ്ട്രയിൽ അംബേദ്കർ ജാതിഭേദത്തിനും അയിത്തത്തിനും മറ്റാചാരങ്ങൾക്കും എതിരെ ഉയർത്തിയ കലാപങ്ങൾ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. അതുകൊണ്ടാണ് ചരിത്രകാരന്മാർ ദളിത് സാഹിത്യചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കുന്നത് - അംബേദ്കർക്കു മുമ്പുള്ള കാലഘട്ടം, അംബേദ്കറുടെ കാലഘട്ടം, അംബേദ്കർക്കു ശേഷമുള്ള കാലഘട്ടം.

## പോരാട്ടത്തിന്റെ ആത്മകഥാസാഹിത്യങ്ങൾ

ദളിത് എഴുത്തുകാർക്ക് നേരിടേണ്ടിവരുന്ന സാമൂഹിക സാഹചര്യങ്ങളും അവയോടുള്ള പ്രതികരണങ്ങളും ആണല്ലോ ആത്മകഥകൾ. ഈ പ്രവണത സൂക്ഷ്മമായും ശക്തമായും ആവിഷ്കരിച്ചിരിക്കുന്നത് ദളിത് സാഹിത്യത്തിന്റെ ശക്തിസൗന്ദര്യസ്വരൂപങ്ങളിൽ ഒന്നായ ആത്മകഥാസാഹിത്യത്തിലൂടെയാണ്. സാഹിത്യത്തിന്റെ വലിയൊരു ഭാഗം ഇത്തരത്തിലുള്ള നോവലുകൾ ആണ് എന്നുതന്നെ പറയാം. 1960 മുതൽ 1993 വരെയുള്ള കാലഘട്ടങ്ങളിൽ മറാത്തിയിൽ മാത്രം 20ലധികം ആത്മകഥാനോവലുകൾ രചിക്കപ്പെട്ടിട്ടുണ്ടെന്ന് കാണാം. അത് കൂടുതലും സ്ത്രീകളുടെ രചനകളുമാണ്. മറാത്തിയിൽ ആത്മകഥ എഴുതിയവരിൽ പ്രമുഖർ ദയാപവാർ, ശങ്കർ റാവു ഖരാട്ട്, മാധവ് കോണ്ട്വാൽക്കർ, കേശവ് മെഷ്റാം, ലക്ഷ്മണൻ മാനേ, റസ്റ്റം അച്ചൽകാമ്പ്, കുമുദ് പൗഡെ എന്നിവരാണ്. ശങ്കർ റാവു ഖരാട്ടിന്റെ ആത്മകഥയായ 'തരൾ അന്തരൾ' എഴുതുമ്പോൾ എഴുത്തുകാരൻ സമുദായമായി മാറുന്നതു കാണാം. അതിജീവനത്തിന്റെ പോരാട്ടങ്ങളും ജീവിതത്തിന്റെ വൈകാരിക പ്രപഞ്ചവും സ്ത്രീപുരുഷ ബന്ധങ്ങളും ഗ്രാമീണജീവിതത്തിന്റെ പ്രാരാബ്ധങ്ങളിൽപെട്ട ഞെരിഞ്ഞമരുന്ന അസ്തിത്വവും അപമാനത്തിന്റെയും പീഡനത്തിന്റെയും അനുഭവങ്ങളും കലാപങ്ങളും ഒക്കെ ഇത്തരം ആത്മകഥാസാഹിത്യത്തിൽ ഉണ്ട്. 1978ൽ ദയാപവാറിന്റെ 'ബലൂട്ട' പ്രസിദ്ധീകരിക്കപ്പെട്ടു. ഇത് നിരവധി ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. മറാത്തി സാഹിത്യത്തിന് ആദരവും അന്തസ്സും നേടിക്കൊടുത്തത് ബലൂട്ടയാണെന്ന് മറാത്തി സാഹിത് വിമർശകനായ രമേശ് ധോംഗ്ഡേ അഭിപ്രായപ്പെടുന്നു. കൊയ്ത്തുകഴിഞ്ഞാൽ തൊഴിലാളികളായ ആളുകൾക്ക് അവർ ചെയ്ത സേവനത്തിനു പ്രതിഫലമായി ലഭിക്കുന്ന ധാന്യത്തിനാണ് ബലൂട്ട എന്നുപറയുന്നത്. ഇത് മഹറുകളുടെയും മാങ്കുകളുടെയും ചമാറുകളുടെയും അവകാശമായിട്ടാണു കണക്കാക്കപ്പെടുന്നത് ഇത് പല രൂപത്തിലാകാം. ചിലപ്പോൾ നിലക്കടല, മറ്റു ചിലപ്പോൾ കറിക്കൂട്ടുകൾ ഇങ്ങനെ പല വിധത്തിൽ. 1980 ൽ ലക്ഷ്മൺ മാനെയുടെ 'അപരൻ' പുറത്തിറങ്ങുന്നു. മഹാരാഷ്ട്ര ഗ്രാമങ്ങളിലെ കയ്ക്കാഡികൾ എന്ന നാടോടികളുടെ ദൈനംദിന ജീവിതത്തിലെ കഷ്ടപ്പാടുകളാണ് അതിൽ ചിത്രീകരിക്കുന്നത്. അസാധാരണമായ ഒരു ആത്മകഥയാണ് ലക്ഷ്മൺ ഗേക്ക് വാഡിന്റെ ' ഉചല്യ'. പി.ഇ. സോൺ കാമ്പ്ലെയുടെ 'ആത്തവനിൻച്ചെ പക്ഷി (സ്മരണ മുദ്ര), ശരൺ കുമാർ ലിംബാളെയുടെ അക്കർമാഷി (അവിഹിതസന്തതി), ശങ്കർ റാവു ഖരാട്ടിന്റെ 'തരൾ അന്തരൾ', പാർത്ഥാ പോൽക്കെയുടെ 'അബ്രാൻ', ഉത്തംപെയുടെ 'കാത്തി വേർച്ചെ പോട്ടെ', മാധവ് കോണ്ടീവൽക്കറുടെ 'മുക്കം പോസ്റ്റ് ദേവചെ ഗോത്ത്നെ' എന്നിവ പ്രശസ്തങ്ങളാണ്. ദലിത് സ്ത്രീ എഴുത്തുകാരുടെ നിരവധി ആത്മകഥകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ശാന്താബായ് കാംബ്ലെയുടെ 'ജ്യാജ മാച്ചി ചിത്തർകഥ്', കുമുദ് പൗഡെയുടെ 'ആത്മസ്ഫോട്', ബെമികാംബ്ലെയുടെ 'ആമച്ച്ജനം' എന്നിവ സ്ത്രീദുഃഖങ്ങളെ ആവിഷ്കരിക്കുന്നു. ഗ്രാമീണ പശ്ചാത്തലത്തിൽ സ്വത്വവികാസത്തിനു വേണ്ടിയുള്ള

 ISSN No: 3049-0316 

പോരാട്ടം ആയിരുന്നു ശാന്താഭായി കാംബ്ലെയുടേത്. പ്രൊഫസർ പൗഡേയുടേത് നഗരപശ്ചാത്തലത്തിൽ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ വിവരിക്കുന്നു. ആത്മകഥകളിലൂടെ എല്ലാം അവർ തങ്ങളുടെ ദയനീയ അവസ്ഥയാണ് ആവിഷ്കരിച്ചത്. അവർക്ക് ഭാവനകളെ അല്ല യാഥാർത്ഥ്യങ്ങളെയാണ് ആവിഷ്കരിക്കേണ്ടിയിരുന്നത്. അതിനാൽ തീവ്രവേദനയുടെ അടരുകൾ അവരുടെ കൃതികളിലെല്ലാം വളരെ സത്യസന്ധമായി തെളിഞ്ഞുനിന്നു.

### എച്ചിൽ – ഒരു ദളിത് ആത്മകഥ

ചൂഹ് ര എന്നു വിളിക്കപ്പെട്ടിരുന്ന സമുദായത്തിലെ അംഗമായ ഓംപ്രകാശ് വാല്മീകിയുടെ ആത്മകഥയാണ് എച്ചിൽ. 'ചൂഹ്ര ചെക്കാ' എന്നു വിളിച്ച് ത്യാഗി വിഭാഗത്തിലെ കുട്ടികൾ ഉപദ്രവിക്കുന്നതായി വിദ്യാഭ്യാസകാലത്തെ അനുഭവങ്ങളോടു ചേർത്ത് അദ്ദേഹം പറയുന്നുണ്ട്. അധികാര വ്യവസ്ഥ എല്ലായ്പ്പോഴും സവർണതയുടെയും മേൽക്കോയ്മകളുടെയും കുത്തകയാണ് എന്നതിന്റെ അടയാളങ്ങൾ ആത്മകഥയിലുടനീളം പതിഞ്ഞുകിടക്കുന്നതു കാണാം.

സമ്പന്നരുടെ എച്ചിൽ ഭക്ഷണങ്ങൾ ശേഖരിച്ച് ഉണക്കി വറുതിക്കാലത്തേക്കു സൂക്ഷിച്ചുവെക്കുന്ന ഓർമ്മകളിൽ വാല്മീകിയുടെ ആത്മനിന്ദയുണ്ട്.

“ഇന്ന് ഇതെല്ലാം ഓർക്കുമ്പോൾ ഹൃദയം നുറുങ്ങുന്നു. എന്തൊരു തരത്തിലുള്ള ജീവിതമായിരുന്നു അത്? രാവും പകലുമില്ലാതെ പണിയെടുക്കുന്ന ഞങ്ങളുടെ വിയർപ്പിന്റെ വില എച്ചിൽ മാത്രം. എന്നിട്ടും ആരും അതൊരു മോശം കാര്യമായി കണ്ടില്ല. ആരും പശ്ചാത്തപിച്ചില്ല, പരാതിപ്പെട്ടില്ല”. (എച്ചിൽ, പുറം 19)

സ്കൂളിൽ അധ്യാപകൻ, ദ്രോണാചാര്യരെക്കുറിച്ചുള്ള പാഠം പഠിപ്പിക്കുന്നതിനിടയിൽ ദരിദ്രനായ അശ്വത്ഥാമാവിന് അരിമാവ് കലക്കി പാലാണെന്നുപറഞ്ഞ് കുടിക്കാൻകൊടുത്ത കഥ കണ്ണീരോടുകൂടി വിവരിക്കുന്നു. ക്ലാസിനെ മുഴുവൻ വികാരഭരിതമാക്കിയ കഥ കേട്ടപ്പോൾ ഓംപ്രകാശ് വാല്മീകി എഴുന്നേറ്റുനിന്ന് മാസ്റ്ററോട് ചോദിക്കുന്നുണ്ട് “പാലിനു പകരം അശ്വത്ഥാമാവിന് അരിമാവ് കലക്കിയ വെള്ളം കിട്ടി. കഞ്ഞിവെള്ളം കുടിച്ച് വിശപ്പടക്കുന്ന ഞങ്ങളുടെ സ്ഥിതിയോ? അതാരും ഇതിഹാസങ്ങളിലൊന്നും എഴുതി കണ്ടിട്ടില്ലല്ലോ? ഒരു ഇതിഹാസ കവിയും ഞങ്ങളുടെ ജീവിതത്തെ പറ്റി ഒരു വാക്കുപോലും കുറിക്കാത്തതെന്താണ്?”

ചോദ്യങ്ങൾ, ചോദ്യങ്ങൾ അധികാരത്തിന്റെ പുസ്തകത്തിൽ ചോദ്യങ്ങൾ പലപ്പോഴും അപ്രസക്തങ്ങളായി മാറുന്നു. ചോദ്യം ചെയ്യപ്പെടാത്ത ജനാധിപത്യവ്യവസ്ഥകൾ നമുക്കു പുതുമയല്ല. അധികാരം അനീതിയുടെ വഴിയേ സഞ്ചരിക്കുമ്പോൾ ക്രമേണ അനീതിയെ പിന്തുണയ്ക്കുക എന്ന ഏറ്റവും സുരക്ഷിതമായ പാതയിലേക്ക് ആളുകൾ നീങ്ങും. അതോടെ അനീതിയും തിന്മയും ഏറ്റവും സ്വാഭാവികമായ രീതിയിൽ നീതിയും നന്മയുമെന്ന പോലെ പരിപാലിക്കപ്പെടും.

ഗാന്ധിജിയെയും ഭഗത് സിങ്ങിനെയും വായിച്ചു പരിചയമുള്ള വാല്മീകി അംബേദ്ക്കറെ വായിക്കുന്നതോടെ അദ്ദേഹത്തിന്റെ ലോകം മാറുകയാണ്. "ആരാണ് അംബേദ്കർ?' – എന്ന് സുഹൃത്തിനോടു ചോദിച്ച വാല്മീകിയുടെ ലോകം പിന്നീട് അംബേദ്കറുടെ വായനയോടെ മാറുന്നു. ഹരിജൻ എന്ന ഗാന്ധിജിയുടെ വാക്കിനേക്കാൾ ഭംഗി ദളിതൻ എന്ന വാക്കിനാണെന്നു തോന്നിത്തുടങ്ങുന്നു.

പ്രത്യക്ഷത്തിൽ ബ്രാഹ്മണപ്പേരെന്നു തോന്നുന്ന പേരാണ് വാല്മീകി. അങ്ങനെ തെറ്റിദ്ധരിച്ചവർ പിന്നീട് ജാതിയറിയുമ്പോൾ അദ്ദേഹത്തെ കടുത്ത അപമാനത്തിലേക്കും വേദനകളിലേക്കും തള്ളിയിടുന്നുണ്ട്. വാല്മീകി എന്ന ഇനിഷ്യൽ ഉപേക്ഷിക്കാൻ അദ്ദേഹം ഏത് അപമാനങ്ങൾക്കിടയിലും തയ്യാറാകുന്നില്ല എന്നു മാത്രമല്ല താൻ ചൂഹാർ ജാതിയിൽ നിന്നാണ് വരുന്നതെന്നു മറയ്ക്കാനും ശ്രമിച്ചിരുന്നില്ല. അത്തരത്തിലുള്ള അനേകം സന്ദർഭങ്ങൾ ആത്മകഥയിലുണ്ട്.

വ്യക്തിസത്തയെ നിലനിർത്തിക്കൊണ്ട് സാമൂഹിക സത്തയിൽ സ്വത്വം സ്ഥാപിക്കാൻ ശ്രമിക്കുന്ന ക്രിയകളിലൂടെ സഞ്ചരിച്ച ജീവിതം എന്ന നിലയിലാണ് ഓം പ്രകാശ് വാല്മീകിയുടെ ജീവചരിത്രത്തെ വിലയിരുത്തേണ്ടത്.

### സഹായകഗ്രന്ഥങ്ങൾ

1. ആനന്ദ്, ജൈവമനുഷ്യൻ, ഡി.സി. ബുക്സ്, 1996
2. ഓം പ്രകാശ് വാത്മീകി, എച്ചിൽ
3. ദാസ് കെ.കെ.എസ്., ദലിത് ജനതയുടെ സ്വാതന്ത്ര്യസമരം, എസ് പി സി എസ്, കോട്ടയം, 2019
4. പുരുഷോത്തമൻ കെ.സി., ദലിത് സാഹിത്യ പ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2008